# അറേബ്യൻ ഗൾഫ് കപ്പിൽ കുവൈത്ത് അമീറിന്റെ വിശിഷ്ടാതിഥിയായി പ്രധാനമന്ത്രി പങ്കെടുത്തു

ഡിസംബർ 21, 2024

കുവൈത്ത് അമീർ ഷെയ്ഖ് മെഷാൽ അൽ അഹമ്മദ് അൽ ജാബർ അൽ സബാഹിന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി കുവൈത്തിൽ നടന്ന 26-ാമത് അറേബ്യൻ ഗൾഫ് കപ്പിന്റെ ഉദ്ഘാടന ചടങ്ങിൽ അദ്ദേഹത്തിന്റെ 'അതിഥിയായി' പങ്കെടുത്തു. പ്രൗഢഗംഭീരമായ ഉദ്ഘാടന ചടങ്ങിന് പ്രധാനമന്ത്രി കുവൈത്തിലെ കിരീടാവകാശിയായ പ്രധാനമന്ത്രിയോടൊപ്പം സാക്ഷ്യം വഹിച്ചു. കുവൈത്ത് നേതൃത്വവുമായി പ്രധാനമന്ത്രിയുടെ അനൗപചാരിക ആശയവിനിമയത്തിനും ഈ വേദി അവസരമൊരുക്കി.

2. GCC രാജ്യങ്ങളും ഇറാഖും യെമനും ഉൾപ്പെടെയുള്ള എട്ട് രാജ്യങ്ങൾ പങ്കെടുക്കുന്ന ദ്വിവത്സര അറേബ്യൻ ഗൾഫ് കപ്പിന് കുവൈറ്റ് ആതിഥേയത്വം വഹിക്കും.  ഈ ഫുട്ബോൾ ടൂർണമെന്റ് മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കായിക ഇനങ്ങളിൽ ഒന്നാണ്.  പങ്കെടുത്ത രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ തവണ ടൂർണമെന്റ് ജേതാക്കളായത് കുവൈത്താണ്. ഇതിൽ പങ്കെടുക്കുന്ന എല്ലാ രാജ്യങ്ങൾക്കും പ്രധാനമന്ത്രി തന്റെ ആശംസകൾ അറിയിച്ചു.

കുവൈത്ത് സിറ്റി

ഡിസംബർ 21, 2024